**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1833 | 14.08.2017 ൽ മറുപടിക്ക്

പി.എച്ച്.സി-കളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്ന നടപടി

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ : | | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പി.എച്ച്.സി-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക വഴി സർക്കാർ ലക്ഷ്യമിടുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ: | (എ) & (ബി) | സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷൻ. ഇതിന്റെ ഭാഗമായി കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി തിരഞ്ഞെടുത്ത 170 പി.എച്ച്.സി-കളിൽ 680 തസ്തികകളും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുടെക്കുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് യോഗം കഴിഞ്ഞിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭിക്കുന്നതിന് 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പ് മീറ്റിംങ്ങുകൾ നടന്നു കഴിഞ്ഞു. അതനുസരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ കെ.എം.എസ്.സി.എൽ വഴി ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ. രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട |
| (ബി) | ഇത്തരത്തിൽ പി.എച്ച്.സി-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ നൽകുന്ന അടിസ്ഥാന സൌകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ, എന്നിവയ്ക്കും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ,, പബ്ളിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്ക്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (സി) | മങ്കട നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ മാറ്റപ്പെട്ട കുടുംബാരോഗ്യ കേന്ദ്രത്തിൽ എന്തെല്ലാം സൌകര്യങ്ങൾ നൽകാനാണ് ആലോചിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | മങ്കട നിയോജകമണ്ഡലത്തിൽ നിന്നും കുടുംബ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിലേയ്ക്ക് തിരഞ്ഞെടുത്ത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങമാണ് "പാങ്ങ്" പ്രാഥമിക ആരോഗ്യ കേന്ദ്രം. ടി കേന്ദ്രത്തിലേയ്ക്ക് ഒരു ഡോക്ടർ. രണ്ട് സ്റ്റാഫ് നേഴ്സ് ഒരു ലാബ് ടെക് നീഷ്യൻ എന്ന രീതിയിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ